ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:21.08.2025**

## പ്രധാനവാർത്തകൾ

1) വർഷകാലസമ്മേളനത്തിന്റെ അവസാന ദിനമായ ഇന്നും പാർലമെൻറിൽ പ്രതിപക്ഷ പ്രതിഷേധം; ലോക്സഭ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു; രാജ്യസഭാ നടപടികൾ രണ്ട് മണി വരെ നിർത്തിവച്ചു.

2) 17-ാമത് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിലെ **I.N.D.I.A** സ്ഥാനാർത്ഥിയായി, സുപ്രീംകോടതി മുൻ ജഡ്ജി ബി.സുദർശൻ റെഡ്ഡി നാമനിർദ്ദേശ പത്രിക നൽകി.

3) കേരളം സമ്പൂർണ ഡിജിറ്റൽ സാക്ഷരത നേടിയതിൻറെ ഔദ്യോഗിക പ്രഖ്യാപനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്ത് നിർവഹിക്കും.

4) കോൺഗ്രസ് യുവനേതാവിനെതിരായ ആരോപണത്തിൽ, മുഖം നോക്കാതെ നടപടിയുണ്ടാകുമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ.

5) സാമൂഹ്യനീതി വകുപ്പ് സംഘടിപ്പിക്കുന്ന വർണപ്പകിട്ട് ട്രാൻസ്ജെൻഡർ ഫെസ്റ്റിന് ഇന്ന് തുടക്കം.

6) കേരള ക്രിക്കറ്റ് ലീഗിനൊരുങ്ങി തിരുവനന്തപുരം; ഉദ്ഘാടന മത്സരം കാര്യവട്ടത്ത് ഇന്ന് നടക്കും.

RNU TVPM

&&&&&&&&&&&&&&&&&&

## പാർലമെൻറ് (ഇൻട്രോ)

വർഷകാല സമ്മേളനത്തിന്റെ അവസാന ദിനമായ ഇന്നും പാർലമെൻറിൽ പ്രതിപക്ഷ പ്രതിഷേധം. ലോക്സഭ അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു. രാജ്യസഭാ നടപടികൾ രണ്ട് മണി വരെ നിർത്തിവച്ചു. ബിഹാർ തീവ്ര വോട്ടർ പട്ടികാ പരിഷ്കരണം ഉൾപ്പെടെയുള്ള വിഷയങ്ങൾ ഉന്നയിച്ചാണ് പ്രതിപക്ഷം പ്രതിഷേധമുയർത്തിയത്. സമ്മേളനത്തിൻറെ അവസാനദിവസം നടപടികൾ തടസ്സപ്പെടുത്തരുതെന്ന് ലോക്സഭയിൽ സ്പീക്കർ ഓം ബിർള അഭ്യർത്ഥിച്ചെങ്കിലും പ്രതിപക്ഷം വഴങ്ങിയില്ല.

(ഹോൾഡ്)

തുടർന്ന് 12 മണി വരെ നിർത്തിവച്ച നടപടികൾ പുനരാരംഭിച്ചപ്പോഴും ബഹളം തുടർന്ന സാഹചര്യത്തിൽ സഭ അനിശ്ചിതകാലത്തേക്ക് പിരിയുകയായിരുന്നു.

RNU TVPM

രാജ്യസഭയിലും സമാനമായ സംഭവവികാസങ്ങളാണ് ഉണ്ടായത്. പ്രതിപക്ഷം കൊണ്ടുവന്ന 18 അടിയന്തര പ്രമേയ നോട്ടീസുകൾ സഭാ ഉപാധ്യക്ഷൻ ഹരിവംശ് തള്ളിയതോടെ പ്രതിഷേധം ശക്തമായി. തുടർന്ന് നടപടികൾ രണ്ട് മണി വരെ നിർത്തിവക്കുകയായിരുന്നു.

&&&&&&&&&&&&&&&&&&

## ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പ്

17-ാമത് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിലെ I.N.D.I.A സ്ഥാനാർത്ഥിയായി, സുപ്രീംകോടതി മുൻ ജഡ്ജി ബി സുദർശൻ റെഡ്ഡി നാമനിർദ്ദേശ പത്രിക സമർപ്പിച്ചു. മല്ലികാർജുൻ ഖർഗേ,

സോണിയാ ഗാന്ധി, രാഹുൽ ഗാന്ധി തുടങ്ങിയ മുതിർന്ന I.N.D.I.A നേതാക്കൾക്കൊപ്പമെത്തിയാണ് പത്രിക നൽകിയത്. എൻ.ഡി.എ സ്ഥാനാർഥി സി.പി രാധാകൃഷ്ണൻ ഇന്നലെ നാമനിർദ്ദേശ പത്രിക സമർപ്പിച്ചിരുന്നു. പത്രികകളുടെ സൂക്ഷ്മപരിശോധന നാളെ നടക്കും. അടുത്തമാസം ഒൻപതിനാണ് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പ്.

&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി -ഡിജിറ്റൽ കേരള

സമ്പൂർണ ഡിജിറ്റൽ സാക്ഷരത നേടിയ ആദ്യ ഇന്ത്യൻ സംസ്ഥാനമായി കേരളം. ഈ ചരിത്രനേട്ടത്തിന്റെ പ്രഖ്യാപനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് വൈകുന്നേരം തിരുവനന്തപുരത്ത് നിർവഹിക്കും. ഡിജിറ്റൽ സാക്ഷരതയുടെ പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ട് സംസ്ഥാന സർക്കാർ നടപ്പാക്കിയ പദ്ധതിയാണ് ഡിജി-കേരളം. 21 ലക്ഷത്തി 87,667 പഠിതാക്കളാണ് മൂല്യനിർണയത്തിൽ വിജയിച്ച് ഇതിലൂടെ ഡിജിറ്റൽ സാക്ഷരത കൈവരിച്ചത്.

RNUTVPM

&&&&&&&&&&&&&&&&&&

## കെ-ഫോൺ

കെ.ഫോൺ OTT സേവനങ്ങളുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്ത് നിർവഹിക്കും.

നിശാഗന്ധി ഓഡിറ്റോറിയത്തിൽ വൈകുന്നേരം 6 മണിക്കാണ് ഉദ്ഘാടനച്ചടങ്ങ്. കെ-ഫോൺ ഇൻറർനെറ്റ് കണക്ഷനൊപ്പം, 350 ഓളം ലൈവ് ടെലിവിഷൻ ചാനലുകളും, 29-ഓളം OTT പ്ലാറ്റ്ഫോമുകളും ഇതിലൂടെ ഉപഭോക്താക്കൾക്ക് ലഭ്യമാകും.

&&&&&&&&&&&&&&&&&&

## അമീബിക് മസ്തിഷ്ക ജ്വരം

കോഴിക്കോട് അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് മരിച്ച താമരശ്ശേരി സ്വദേശിയായ പെൺകുട്ടിയുടെ വീടും, ചികിൽസയിലുള്ള ഓമശ്ശേരി സ്വദേശിയായ മൂന്ന് മാസം പ്രായമുള്ള കുട്ടിയുടെ വീടും കോഴിക്കോട് മെഡിക്കൽ കോളെജിലെ ഡോക്ടർമാരുടെ വിദഗ്ധ സംഘം സന്ദർശിച്ചു .കുളം, വീട്ടിലെ ടാങ്കുകൾ, കിണറുകൾ തുടങ്ങിയ ജലസ്രോതസ്സുകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ചു. ജലസ്രോതസ്സുകൾ ക്ലോറിനേറ്റ് ചെയ്യേണ്ടതിൻ്റെ ആവശ്യകത സംബന്ധിച്ച് സംഘം ബോധവത്കരണം നടത്തി. മലപ്പുറം സ്വദേശിയായ 11 വയസ്സുള്ള കുട്ടിയും അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് മെഡിക്കൽ കോളെജിൽ ചികിൽസയിലുണ്ട്.

&&&&&&&&&&&&&&&&&&

## വർണപ്പകിട്ട് (ഇൻട്രോ)

സാമൂഹ്യനീതി വകുപ്പ് സംഘടിപ്പിക്കുന്ന വർണപ്പകിട്ട് ട്രാൻസ്ജെൻഡർ ഫെസ്റ്റിന് ഇന്ന് കോഴിക്കോട് തുടക്കം. മൂന്ന് ദിവസം നീളുന്ന കലോത്സവത്തിൻറെ ഔദ്യോഗിക ഉദ്ഘാടനം മന്ത്രി ആർ ബിന്ദു വൈകുന്നേരം നിർവഹിക്കും. വർണ്ണപ്പകിട്ടിൻറെ ഭാഗമായുള്ള ചലച്ചിത്രോത്സവത്തിന് ഇന്ന് കൈരളി തീയേറ്ററിൽ തുടക്കമായി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി **നസീർ ബാബു..**

(ഹോൾഡ്)

&&&&&&&&&&&&&&&&&&

RNU TVPM

## ചലച്ചിത്ര അക്കാദമി - ഹ്രസ്വചിത്രമേള

സംസ്ഥാന ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്ന 17-മത് അന്താരാഷ്ട്ര ഡോക്യുമെൻററി, ഹ്രസ്വചിത്രമേളയ്ക്ക് നാളെ തുടക്കം. തിരുവനന്തപുരം കൈരളി തിയേറ്ററിൽ വൈകുന്നേരം ആറു മണിക്ക് സാംസ്കാരിക മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം നിർവഹിക്കും. 'ഫ്രം ഗ്രൗണ്ട് സീറോ' ആണ് ഉദ്ഘാടന ചിത്രം. കൈരളി, ശ്രീ, നിള തിയേറ്ററുകളിൽ ആറു ദിവസങ്ങളിലായി നടക്കുന്ന മേളയിൽ 331 ചിത്രങ്ങൾ പ്രദർശിപ്പിക്കും. ഡെലിഗേറ്റ് പാസിന്റെ വിതരണം ഇന്ന് വൈകിട്ട് അഞ്ചു മണി മുതൽ ആരംഭിക്കും.

&&&&&&&&&&&&&&&&&&

## വി.ഡി.സതീശ ൻ

RNUTVPM

കോൺഗ്രസ് പാർട്ടിയിലെ ഏതു നേതാവിനെതിരെ പരാതി ലഭിച്ചാലും മുഖം നോക്കാതെ നടപടിയുണ്ടാകുമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. പാർട്ടിയിലെ യുവനേതാവിനെതിരെ, നടിയും മാധ്യമപ്രവർത്തകയുമായ യുവതി ഉന്നയിച്ച പരാതി ഗൗരവമായി പരിശോധിച്ച് നടപടിയുണ്ടാകുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു. നടപടിക്ക് താൻ തന്നെ മുൻകൈ എടുക്കുമെന്നും പ്രതിപക്ഷനേതാവ് പറഞ്ഞു.

&&&&&&&&&&&&&&&&&&

## കെ.എസ്.ആ ർ.ടി.സി

കെ എസ് ആർ ടി സി പുതുതായി നിരത്തിലിറക്കുന്ന വിവിധ ശ്രേണിയിലുള്ള 143 ബസ്സുകളുടെ ഫ്ലാഗ് ഓഫും സമ്പൂർണ്ണ ഡിജിറ്റലൈസേഷന്റെ ഉദ്ഘാടനവും മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്ത്

നിർവഹിക്കും. അത്യാധുനിക യാത്രാ സൌകര്യങ്ങളോടുകൂടിയ എ.സി സീറ്റർ കം സ്ലീപ്പർ, പ്രീമിയം സൂപ്പർഫാസ്റ്റ് എന്നിങ്ങനെ വിവിധ ശ്രേണിയിലുള്ള ബസുകളാണ് ഇന്ന് നിരത്തിലിറക്കുന്നത്.

&&&&&&&&&&&&&&&&&&

## കെ.വൈ.സി രേഖകൾ സമർപ്പിക്കണം

പത്തു വർഷത്തിലേറെയായ എല്ലാ ബാങ്ക് അക്കൗണ്ടുകളിലും കെ.വൈ.സി രേഖകൾ വീണ്ടും സമർപ്പിക്കണമെന്ന് ഉപഭോക്താക്കളോട് ആവശ്യപ്പെട്ട് സംസ്ഥാന തല ബാങ്കിങ് കമ്മിറ്റി. ജൻധൻ അക്കൗണ്ടുകൾ അടക്കം എല്ലാ വിഭാഗം അക്കൗണ്ടുകൾക്കും ഇതു ബാധകമാണ്.

&&&&&&&&&&&&&&&&&&

RNU TVPM

## ശബരിമല

ചിങ്ങമാസ പൂജകൾ പൂർത്തിയാക്കി ശബരിമല ക്ഷേത്രനട ഇന്ന് രാത്രി 10 ന് അടയ്ക്കും. പ്രതികൂല കാലാവസ്ഥയിലും വലിയ തിരക്കാണ് ശനിയാഴ്ച നട തുറന്ന മുതൽ സന്നിധാനത്ത് അനുഭവപ്പെടുന്നത്.

&&&&&&&&&&&&&&&&&&

## പര്യവേഷണ തുഴച്ചിൽ യാത്ര (ഇൻട്രോ)

NCC നേവൽ കേഡറ്റുകളുടെ പര്യവേഷണ തുഴച്ചിൽ കായൽ യാത്ര കൊല്ലത്തുനിന്ന് പുറപ്പെട്ടു. രാജ്യത്തെ മികച്ച നേവൽ യൂണിറ്റിനെ തിരഞ്ഞെടുക്കുന്നതിനായി നടത്തുന്ന ദേശീയ മത്സരത്തിൻ്റെ ഭാഗമാണ് പായ് വഞ്ചിയിലെ സാഹസിക കായൽയാത്ര.

വിശദാംശങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി **നീരജ് ലാൽ....**

**(വോയിസ്)**

&&&&&&&&&&&&&&&&&&

## ലക്ഷദ്വീപ് സീപ്ലെയിൻ

ലക്ഷദ്വീപ് സീപ്ലെയിൻ സർവീസുകൾ അടുത്ത മാസം മുതൽ ആരംഭിക്കുമെന്ന് കൊച്ചി അന്താരാഷ്ട്ര വിമാനത്താവള അധികൃതർ അറിയിച്ചു. പദ്ധതിയുമായി ബന്ധപ്പെട്ട പ്രാഥമിക നടപടികളും പരീക്ഷണ പറക്കലുകളും പല ഘട്ടങ്ങളായി പൂർത്തീകരിച്ചിരുന്നു. 12,000 രൂപയായിരിക്കും സീപ്ലെയിൻ സേവനത്തിന്റെ ഏകദേശ നിരക്ക്.

&&&&&&&&&&&&&&&&&&

## യുവതി മരിച്ചു-കണ്ണൂർ

കണ്ണൂർ കുറ്റിയാട്ടൂരിൽ വീട്ടിനുള്ളിൽ കയറി യുവാവ് പെട്രോൾ ഒഴിച്ച് തീ കൊളുത്തിയതിനെ തുടർന്ന് ചികിത്സയിലായിരുന്ന യുവതി മരിച്ചു. കണ്ണൂർ ഒരുവച്ചാൽ സ്വദേശി പ്രവീണയാണ് മരിച്ചത്. ആക്രമണം നടത്തിയ കുട്ടാവ് സ്വദേശി ജിജേഷും പൊള്ളലേറ്റ് ചികിത്സയിലാണ്. ഇയാൾക്കെതിരെ പൊലീസ് കൊലക്കുറ്റത്തിന് കേസെടുത്തു.

RNU TVPM

&&&&&&&&&&&&&&&&&&

## നെഹ്റു ട്രോഫി വള്ളംകളി (ഇൻട്രോ)

ഈ മാസം 30-ന് പുന്നമടക്കായലിൽ നടക്കുന്ന 71-ാമത് നെഹ്റു ട്രോഫി വള്ളംകളിയുടെ ഭാഗ്യചിഹ്നമായ കളിവള്ളം തുഴയുന്ന കാക്കത്തമ്പുരാട്ടിയുടെ പേര് പ്രഖ്യാപിക്കുന്ന

ചടങ്ങ് കളക്ടറേറ്റിൽ ഇന്ന് ഉച്ചകഴിഞ്ഞ് മൂന്ന് മണിക്ക് നടക്കും. ജില്ലാ കളക്ടർ അലക്സ് വർഗീസിൽ നിന്നും പേര് പതിച്ച ഭാഗ്യചിഹ്നം ചലച്ചിത്ര സംവിധായകനും നടനുമായ ആലപ്പി അഷ്റഫ് ചടങ്ങിൽ ഏറ്റു വാങ്ങും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി **ആർ.രവികുമാ ർ.....**

(വോയിസ്)

&&&&&&&&&&&&&&&&&&

## കേരള ക്രിക്കറ്റ് ലീഗ്

കേരളത്തിൻ്റെ സ്വന്തം ക്രിക്കറ്റ് മാമാങ്കമായ കേരള ക്രിക്കറ്റ് ലീഗിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കം. വൈകുന്നേരം 6.30 ന് നടക്കുന്ന ഔദ്യോഗിക ഉദ്ഘാടനച്ചടങ്ങിൽ കെ.സി.എൽ ബ്രാൻഡ് അംബാസിഡർ മോഹൻലാൽ പങ്കെടുക്കും. ഉച്ചക്ക് 2.30 ന് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ ഏരീസ് കൊല്ലം സെയിലേയ്സും കാലിക്കറ്റ് ഗ്ലോബ്സ്റ്റാർസും തമ്മിലാണ് ഉദ്ഘാടന മത്സരം. ആറ് ടീമുകളുടെ 33 മത്സരങ്ങളാണ് ഇനിയുള്ള മൂന്നാഴ്ചക്കാലം കേരള ക്രിക്കറ്റ് ലീഗിൻ്റെ ഭാഗമായി നടക്കുക. സെപ്റ്റംബർ ഏഴിനാണ് ഫൈനൽ .

RNUTVPM

&&&&&&&&&&&&&&&&&&

## ഓഹരി

രാജ്യത്തെ ഓഹരിവി പണികളിൽ നേട്ടം. സെൻസെക്സ് 243 പോയിന്റ് ഉയർന്ന് 82,101 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 48 പോയിന്റ് നേട്ടത്തിൽ 25,099 ലും വ്യാപാരം പുരോഗമിക്കുന്നു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&

RNU TVPM